ഓം നമോ നാരായണായഃ



# കുറൂരമ്മ ശ്രീകൃഷ്ണ ക്ഷേത്രം

# പ്രതിഷ്ഠാദിനമഹോത്സവം



## പ്രതിഷ്ഠാദിനാചരണം, കളഭാഭിഷേകം

## സന്താനഗോപാലപൂജ, 25 കലശം, അന്നദാനം

## 2023 മാർച്ച് 26, 27 ഞായർ, തിങ്കൾ

### 1198 മീനം 12, 13

നമസ്തെ! ധന്യാത്മൻ,

കുറൂരമ്മ ശ്രീകൃഷ്ണ ക്ഷേത്രത്തിലെ ഈ വർഷത്തെ പ്രതിഷ്ഠാദിന മഹോത്സവം 2023 മാർച്ച് 26, 27 (1198 മീനം 12, 13) ഞായർ, തിങ്കൾ ദിവസങ്ങളിലായി ആഘോഷിക്കുന്ന വിവരം ഭക്തിപൂർവ്വം അറിയിക്കട്ടെ. ക്ഷേത്രത്തിൽ കലശം നടത്തി ബിംബപ്രതിഷ്ഠ നടത്തിയ മീനമാസത്തിലെ രോഹിണി നക്ഷത്രമാണ് പ്രതിഷ്ഠാദിനം. പ്രതിഷ്ഠാദിനത്തോടനുബന്ധിച്ച് ഈ വർഷവും വിവിധ ചടങ്ങുകളും, പരിപാടികളും നടത്തുന്നു.

കുറൂരമ്മയായി പിൽക്കാലത്ത് പ്രസിദ്ധിയാർജ്ജിച്ച യോഗിനിയായ ഗൗരി അന്തർജ്ജനത്തിന് ഭഗവാൻ ശ്രീകൃഷ്ണൻ ഉണ്ണിയായി കുറൂരില്ലത്ത് ദർശനമേകിയിരുന്നു. ഭഗവാൻ പ്രത്യക്ഷപ്പെട്ട് ഉണ്ണിയായി ഓടിക്കളിക്കുകയും, കുറൂരമ്മയെ ഇല്ലത്തെ പ്രവൃത്തികളിൽ സഹായിക്കുകയും ചെയ്തുപോന്ന കുറൂരില്ലം സ്ഥിതിചെയ്തിരുന്ന പവിത്രഭൂമിയാണിവിടം. ഈ സ്ഥലത്തിന്റെ ഐതിഹ്യപരമായ സവിശേഷതയും ചരിത്രപരമായ പ്രാധാന്യവും  ചൈതന്യപരമായ മഹത്വവും ഏറെയാണ്.

പ്രതിഷ്ഠാദിന മഹോത്സവകാലത്ത് ക്ഷേത്രം തന്ത്രി ബ്രഹ്മശ്രീ കീഴ്മുണ്ടയൂർ നീലകണ്ഠൻ നമ്പൂതിരിയുടെ മുഖ്യ കാർമ്മികത്വത്തിൽ ശുദ്ധി ചടങ്ങുകൾ, സന്താനഗോപാല പൂജ, കളഭാഭിഷേകം, 25 കലശം എന്നിവ നടത്തുന്നു.

വിഷ്ണുസഹസ്രനാമം, ഭഗവത് ഗീത-നാരായണീയ പാരായണങ്ങളും ഉണ്ടായിരിക്കുന്നതാണ്. രാവിലെയും ഉച്ചയ്ക്കും അന്നദാനം നടത്തുന്നു. ക്ഷേത്രത്തിൽ വഴിപാട് കഴിച്ച് ദർശനംനടത്തി എല്ലാ ചടങ്ങുകളിലും പരിപാടികളിലും പങ്കെടുക്കുവാനും സഹായ സഹകരണങ്ങൾ നൽകുവാനും അഭ്യർത്ഥിക്കുന്നു.

## പ്രതിഷ്ഠാദിന ചടങ്ങുകൾ - പരിപാടികൾ

**2023 മാർച്ച് 26 ഞായർ (1198 മീനം 12)**

**വൈകീട്ട് 5.30 മുതൽ രാത്രി 9 വരെ**

വിശേഷാൽ പൂജകൾ, ശുദ്ധി ചടങ്ങുകൾ, പ്രാസാദശുദ്ധി, ചുറ്റുവിളക്ക്, ദീപാരാധന, അത്താഴപ്പൂജ.

**2023 മാർച്ച് 27 തിങ്കൾ (1198 മീനം 13)**

**രാവിലെ 5.30 മുതൽ ഉച്ചയ്ക്ക് 2 വരെ**

ശുദ്ധി ചടങ്ങുകൾ, ബിംബശുദ്ധി, അഭിഷേകങ്ങൾ, വിശേഷാൽ പൂജകൾ, പഞ്ചഗവ്യം, കളഭാഭിഷേകം, 25 കലശം, നടയ്ക്കൽ പറ, സന്താനഗോപാല പൂജ, ഉപദേവന്മാർക്ക് കലശാഭിഷേകം, ശ്രീഭൂതബലി, എഴുന്നള്ളിപ്പ്, പഞ്ചാരിമേളം, ഉച്ചപൂജ, 12ന്  അന്നദാനം.

**വൈകീട്ട് 5.30 മുതൽ രാത്രി 9 വരെ**

വിശേഷാൽ പൂജകൾ, നടയ്ക്കൽ പറ, നിറമാല, ചുറ്റുവിളക്ക്, ദീപാരാധന, അത്താഴപൂജ

## സന്താനഗോപാല പൂജ (സൽസന്താനലബ്ദിക്ക്)

### 2023 മാർച്ച് 27 തിങ്കൾ രാവിലെ 8ന് (വഴിപാട് സംഖ്യ 500/-)

ഭഗവാൻ ശ്രീകൃഷ്ണൻ ഉണ്ണിയായി പ്രത്യക്ഷപ്പെട്ട സ്ഥലമായതിനാലും, ബാലഗോപാല രൂപത്തിൽ പ്രതിഷ്ഠിച്ചതിനാലും ഈ ക്ഷേത്രം സന്തതികൾക്ക് വളരെ പ്രാധാന്യമുള്ളതാണ്. 2013 മുതൽ തുടർച്ചയായി ക്ഷേത്രത്തിൽ സന്താനഗോപാലപൂജ നടത്തിവരുന്നു. ഈ വർഷത്തെ പ്രതിഷ്ഠാദിനമഹോത്സവത്തോടനുബന്ധിച്ച് മാർച്ച് 27 തിങ്കളാഴ്ച രാവിലെ 9ന് ക്ഷേത്രം തന്ത്രിയുടെ പ്രധാന കാർമ്മികത്വത്തിൽ സന്താനഗോപാലപൂജ നടത്തുന്നു. സന്താനലബ്ദിക്ക് ദുരിതമനുഭവിക്കുന്നവർക്കും, സന്താനലബ്ദി ആഗ്രഹിക്കുന്നവർക്കും, സന്തതികളുടെ കഷ്ടതകളും ദുരിതങ്ങളും മാറി സൽസന്താനങ്ങളായി തീരുന്നതിനും സന്താനഗോപാലപൂജ സവിശേഷമാണ്. വഴിപാടാക്കുവാനാഗ്രഹിക്കുന്നവർ വഴിപാട് കൗണ്ടറിൽ നേരിട്ടോ ഫോൺവഴിയോ ബുക്ക് ചെയ്യേണ്ടതാണ്.

## കളഭാഭിഷേകം

### 2023 മാർച്ച് 27 തിങ്കൾ രാവിലെ 9ന് വഴിപാട് സംഖ്യ 250/-

ഈ വർഷം പ്രതിഷ്ഠാദിനത്തിൽ രാവിലെ 9ന് ശ്രീകൃഷ്ണന് പ്രത്യേകമായി കളഭാഭിഷേകം നടത്തുന്നു. ചന്ദനം, കുങ്കുമം, പച്ചക്കർപ്പൂരം, കസ്തൂരി, ഗോരോചനം, പനിനീർ തുടങ്ങി ദ്രവ്യങ്ങളാൽ പ്രത്യേകമായി തയ്യാർ ചെയ്യുന്ന കളഭം കലശപൂജ നടത്തി മന്ത്രപൂരിതമാക്കി ഭഗവാന് ക്ഷേത്രം തന്ത്രി അഭിഷേകം ചെയ്യുന്ന സമയം ദർശന പ്രധാനമാണ്. ഭക്തർ തങ്ങളുടെ കഷ്ടതകൾ ഭഗവാന്റെ മുമ്പിൽ പ്രാർത്ഥനകളായി സമർപ്പിക്കുകയും, ഭഗവാൻ അത് ഏറ്റുവാങ്ങി അനുഗ്രഹിക്കുകയും ചെയ്യുമ്പോൾ ദേവന് ചൂട് അനുഭവപ്പെടുമെന്നും അത് ശമിപ്പിക്കുന്നതിന് ഏറെ തണുപ്പുള്ള കളഭാട്ടം വളരെ വിശേഷമാണെന്നാണ് സങ്കൽപ്പം. നമ്മുടെ ദുരിതം ഭഗവാൻ ഏറ്റുവാങ്ങുക വഴി ഉണ്ടാകുന്ന പ്രയാസം ഒഴിവാക്കുന്നതിനുള്ള കളഭാഭിഷേകം ഭക്തൻ വഴിപാടാക്കുന്നത് ഉത്തമമാണ്. കളഭാഭിഷേകം വഴിപാടാക്കിയവർ അടുത്ത ദിവസം മുതൽ ഏപ്രിൽ 5 വരെയുള്ള ദിവസങ്ങളിൽ ക്ഷേത്രത്തിലെത്തി രാവിലെയോ വൈകീട്ടോ മേൽശാന്തിയിൽ നിന്നും കളഭം ഏറ്റുവാങ്ങേണ്ടതാണ്.

### പ്രതിഷ്ഠാദിന വഴിപാടുകൾ

| | | | | | |
|---|---|---|---|---|---|
| നെൽപറ | 175 | തൃക്കൈവെണ്ണ | 75 | നിറമാല | 1500 |
| അരിപറ | 225 | സന്താനഗോപാലപൂജ | 500 | ചുറ്റുവിളക്ക് | 2000 |
| അവിൽ പറ | 125 | കളഭാഭിഷേകം | 250 | അന്നദാനം | 1000 |
| മലർപറ | 100 | 25 കലശം (ഒന്നിന്) | 1500 | അന്നദാനം 100 പേർക്ക് | 4000 |
| പൂപറ | 75 | ശ്രീലകത്ത് വിളക്ക് | 1500 | | |

### പ്രസാദ ഊട്ട്

എല്ലാ മലയാള മാസവും മുപ്പെട്ട് വ്യാഴാഴ്ച രാത്രി ക്ഷേത്രത്തിൽ പ്രസാദ ഊട്ട് നടത്തിവരുന്നു

### വിഷുക്കണി ദർശനം

എല്ലാവർഷത്തേയും പോലെ ഈ വർഷവും വിഷുനാളിൽ, 2023 ഏപ്രിൽ 15 ശനിയാഴ്ച, മേടം 1, രാവിലെ 5ന് വിഷുക്കണി ദർശനം ഉണ്ടായിരിക്കുന്നതാണ്. വിഷുനാളിലെ പാൽപായസം വഴിപാടിനുള്ള ബുക്കിങ്ങ് ആരംഭിച്ചിരിക്കുന്നു.

### നിത്യപൂജ, ഉദയാസ്തമനപൂജ

ക്ഷേത്രത്തിൽ നിത്യപൂജയും (1500), വലിയപൂജയും (ചുറ്റുവിളക്ക് ഉൾപ്പടെ 5000), ഉദയാസ്തമനപൂജയും (25000) നടത്തിവരുന്നു. പൂജകൾക്ക് ബുക്കിങ്ങ് തുടരുന്നു. താൽപര്യമുള്ളവർ വഴിപാട് കൗണ്ടറിൽ ബുക്ക് ചെയ്യേണ്ടതാണ്.

**Kurooramma Temple and Religious Trust**

Reg. No. 19/2014 dated: 6-2-14

Room No. 1, Office of the Kurooramma Sreekrishna Temple, Vengilassery, Velur P.O., Thrissur Dt., Kerala 680 601

E-mail: kuroorammatempletrust@gmail.com

Tel. No. **04885 288464**
**9446685268, 9447669784**
Whatsapp - **9447669784**

**State Bank of India**
**Branch Kechery, A/c. No. 33719047097**
**IFS Code: SBIN 0017359**

Lumiere, Poothole, Thrissur Ph: 0487 2384990